(ഡി) സമാഹരണച്ചുമതല എസ്.ബി.ഐ. ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവർക്കാണ്.

(ഇ) തുക വിവിധ പ്രോജക്ടുകൾക്ക് വേണ്ടി നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഉണ്ട്.

(ജി) കരാർ വ്യവസ്ഥ ലംഘിച്ച് തുക ചെലവഴിച്ചാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കാൻ വ്യവസ്ഥയുണ്ട്.

37 (325) പദ്ധതി നടത്തിപ്പുകളിലെ ക്രമക്കേട്

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8.7.1999 ൽ 3/99 എന്ന നമ്പരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഇറക്കിയ സർക്കുലർ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതേത് വർഷങ്ങളിലെ ധനവിനിയോഗത്തെപ്പറ്റിയാണ് ഈ സർക്കുലറിൽ സൂചിപ്പിച്ചിട്ടുള്ളത്;

(സി) ധനവിനിയോഗത്തിലെ ക്രമക്കേടുകളേയും വെട്ടിപ്പുകളേയും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന 1998-ലേയും 1999-ലേയും സമാഹൃത റിപ്പോർട്ടുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ഗവണ്മെന്റ് മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) നിയമപ്രകാരം ഈ റിപ്പോർട്ടുകൾ എന്ന് സർക്കാരിന് സമർപ്പിക്കേണ്ടതായിരുന്നു; അവ ഏത് തീയതികളിലാണ് സർക്കാരിന് സമർപ്പിച്ചത്;

(ഇ) സമാഹൃത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലവിളംബരം ഉണ്ടായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കുലറിൽ പരാമർശിച്ചിട്ടുള്ളത് സബ് ഓഫീസ് മേധാവികൾ പൊതുവായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ആയിരുന്നു.

(സി) 1998, 1999 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) നിയമപ്രകാരം 1998, 1999 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകൾ 30.9.98, 30.9.1999 എന്നീ തീയതികൾക്കു മുൻപ് സമർപ്പിക്കണം. ഈ റിപ്പോർട്ടുകൾ യഥാക്രമം 19.9.1998, 16.11.1999 എന്നീ തീയതികളിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ)&(എഫ്) ഇല്ല.

38 (326) വെയ്സ് ആന്റ് മീൻസ് അഡ്വാൻസ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വെയ്സ് ആന്റ് മീൻസ് അഡ്വാൻസിന്റെ പരിധി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് പലിശയില്ലാത്തതോ നാമമാത്ര പലിശയുള്ളതോ ആയ ദീർഘകാല വായ്പ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ മറുപടി എന്തായിരുന്നു;

(ഡി) സംസ്ഥാനം കേന്ദ്രത്തിന് കൊടുക്കാനുള്ള വായ്പ തുകയുടെ ഗഡുക്കൾ സാവകാശം കിട്ടത്തക്കവിധം റീഷെഡ്യൂൾ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്രത്തിൽ നിന്ന് ലഭിച്ച മറുപടിയിൽ സംസ്ഥാനങ്ങളുടെ ശമ്പള പരിഷ്കരണത്തിലുള്ള അധിക ബാദ്ധ്യതയുൾപ്പെടെയുള്ള സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നതിനുവേണ്ടി അനുവദിക്കേണ്ട സാമ്പത്തിക സഹായം നിർണ്ണയിക്കുവാൻ ആസൂത്രണ കമ്മീഷൻ സെക്രട്ടറി അദ്ധ്യക്ഷനായും സെക്രട്ടറി (എക്സ്പെൻഡിച്ചർ) സംസ്ഥാന ധനകാര്യ സെക്രട്ടറിമാർ, ആസൂത്രണ കമ്മീഷനിലേയും ധനമന്ത്രാലയത്തിലെയും മറ്റു പ്രതിനിധികൾ എന്നിവർ അംഗങ്ങളായും ഉള്ള ഒരു ഔദ്യോഗികകമ്മിറ്റി രൂപീകരിച്ചുകൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിരുന്നു. തുടർന്ന് സംസ്ഥാനത്തിന്റെ ശമ്പള പരിഷ്കരണമുൾപ്പെടെയുള്ള സാമ്പത്തിക പ്രശ്നങ്ങൾ പ്രസ്തുത കമ്മിറ്റി പരിഗണിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച കൂടുതൽ വിവരങ്ങളോ അറിയിപ്പുകളോ പിന്നീട് ലഭിക്കുകയുണ്ടായില്ല.

(ഡി) ഉണ്ട്.

39 (327) മുണ്ടക്കയം-എരുമേലി റോഡിന് അനുവദിച്ച തുക

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം-എരുമേലി റോഡിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾക്ക് ഈ വർഷത്തെ സപ്ലിമെന്ററി ഗ്രാന്റിൽ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) സപ്ലിമെന്ററി ഗ്രാന്റിൽ പണം അനുവദിച്ചു കഴിഞ്ഞാൽ ബഡ്ജറ്റിൽ പ്രസ്തുത തുക വകയിരുത്തുമോ എന്നും അടുത്ത ബഡ്ജറ്റിലെ വാല്യം 1-ൽ ഈ തുക വരുമോ എന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly